(ബി) ഒരു കോടി രൂപയിലേറെ വായ്പ നൽകിയത് എത്ര പേർക്കാണെന്ന് വെളിപ്പെടുത്തുമോ:

(സി) ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് സംസ്ഥാന സഹകരണ ബാങ്കിന്റെ കിട്ടാക്കടം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന സഹകരണ ബാങ്കിന്റെ വായ്പകളിൽ കരാർ പ്രകാരം തിരിച്ചടവ് ഇല്ലാത്ത വായ്പകൾ എത്ര രൂപയുടേതാണ് എന്ന് വെളിപ്പെടുത്തുമോ;

(ഇ) ബാങ്കിന്റെ പ്രവർത്തനത്തിൽ നാളിതുവരെയുള്ള ലാഭം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 3,64,252.75 ലക്ഷം രൂപയുടെ വായ്പ നൽകുകയുണ്ടായി.

(ബി) 24 പേർക്ക്.

(സി) കിട്ടാക്കടം ഇല്ല.

(ഡി) 11762.58 ലക്ഷം രൂപ.

(ഇ)

സാമ്പത്തിക വർഷം		ലാഭം (ലക്ഷത്തിൽ)
2001-02	..	71.19
2002-03	..	612.05
2003-04	..	തിട്ടപ്പെടുത്തിയിട്ടില്ല.

കടാശ്വാസ ആനുകൂല്യം

137 [1398] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടാശ്വാസ നിയമപ്രകാരം സഹകരണ സംഘങ്ങൾ മുഖേന സംസ്ഥാനത്ത് കടാശ്വാസമായി എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) കടാശ്വാസ ആനുകൂല്യം നൽകിയ സഹകരണ സംഘങ്ങൾക്ക് എത്ര രൂപയുടെ ആനുകൂല്യം ഇനിയും നൽകാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2001-ലെ കേരള കാർഷിക കടക്കാർ (താല്ക്കാലിക ആശ്വാസ) ആക്ടിന്റെ അടിസ്ഥാനത്തിൽ കർഷകർ സഹകരണ സ്ഥാപനങ്ങളിൽ നിന്നും 29-12-2001-നു മുമ്പ് എടുത്തിട്ടുള്ള കാർഷിക വായ്പകൾക്ക് 19-3-2003-ലെ സർക്കാർ ഉത്തരവ് (ആർ. റ്റി.) 705/03/ആർ.ഡി. പ്രകാരം അനുവദിച്ച 13,99,02,000 രൂപ ഇതിനകം കടാശ്വാസമായി സഹകരണസംഘങ്ങൾ മുഖേന ചെലവഴിച്ചിട്ടുണ്ട്.

(ബി) 2001-ലെ കേരള കാർഷിക കടക്കാർ (താല്ക്കാലിക ആശ്വാസ) ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി കടാശ്വാസ ആനുകൂല്യം നൽകിയ സംഘങ്ങൾക്ക് ഇനി 6,70,59,086 രൂപ നൽകുവാനുണ്ട്.

സഹകരണ ബാങ്കുകളുടെ വിശദാംശം

138 [1399] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ എന്നിവയുടെ ഷെയർ ക്യാപ്പിറ്റൽ, സ്റ്റാറ്റ്യൂട്ടറി റിസർവ്വ്, മറ്റ് റിസർവ്വുകൾ, ഡപ്പോസിറ്റ്സ്, ഗ്രോത്ത് റെയ്റ്റ് ബോറോയിംഗ് ഔട്ട്സ്റ്റാന്റിംഗ് എന്നീ വിഷയങ്ങളെ സംബന്ധിച്ച വിശദാംശം 2003-2004 വരെയുള്ള അഞ്ച് സാമ്പത്തിക വർഷങ്ങളെ അടിസ്ഥാനപ്പെടുത്തി ലഭ്യമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാന സഹകരണ ബാങ്ക് നല്കിയ വായ്പകൾ

139 [1400] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ ഭരണ സമിതി അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന സഹകരണ ബാങ്ക് എത്ര കോടി രൂപയുടെ വായ്പകൾ നല്കി എന്ന് വ്യക്തമാക്കാമോ; ഒരു കോടി രൂപയ്ക്ക് മുകളിലുള്ള വായ്പകൾ എത്രയെന്നും അവ ആർക്കെല്ലാമാണ് നൽകിയതെന്നും വിശദമാക്കാമോ;

(ബി) മറ്റേതെങ്കിലും ധനകാര്യ സ്ഥാപനങ്ങൾ നൽകിയ വായ്പകൾ ടേക് ഓവർ നടത്തുകയുണ്ടായോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളെന്നും ആർക്കെല്ലാം നൽകിയ വായ്പകളാണ് ടേക് ഓവർ നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) ടേക് ഓവർ ഇനത്തിൽ ഓരോ സ്ഥാപനത്തിനും എത്ര തുക വീതം വായ്പകൾ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly